**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2142** **13-09-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. നിയമനം സുതാര്യമാക്കലും പുതിയ തസ്തിക സൃഷ്ടിക്കലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവീസിൽ ജോലി നൽകാൻ യോഗ്യതാ നിർണ്ണയം മുതൽ നിയമനം വരെയുള്ള നടപടികൾ സുതാര്യവും അഴിമതിരഹിതവുമാണെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | പി.എസ്.സി യുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനായി തിരഞ്ഞെടുപ്പ് നടപടികൾക്ക് ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റൊട്ടേഷൻ തയ്യാറാക്കുന്നത് വരെ മുഴുവൻ സംവിധാനങ്ങളും കമ്പ്യൂട്ടർ വത്കരിച്ചിട്ടുണ്ട്. ഉദ്യോഗാർഥികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെയാണ് ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തുന്നത്. കാലതാമസം ഒഴിവാക്കാനായി ഓൺലൈനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. 2022 വർഷം വരെ വിജ്ഞാപനം ചെയ്ത എല്ലാ തസ്തികകളുടേയും പരീക്ഷകൾ 2023 ൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒ.എം.ആർ പരീക്ഷകൾ കൂടാതെ ഓൺലൈൻ പരീക്ഷകളും നടത്തി വരുന്നു. ആയതിനാൽ സമയബന്ധിതമായി ചുരുക്കപട്ടികകൾ/ സാധ്യത പട്ടികകൾ പ്രസിദ്ധീകരിക്കാൻ കഴിയുന്നുണ്ട്. റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി എന്നിവ അടിസ്ഥാന യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് എസ്.എസ്.എൽ.സി ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ എന്നിങ്ങനെ പൊതു പ്രാഥമിക പരീക്ഷകൾ നടത്തിയതിനു ശേഷം ഫൈനൽ പരീക്ഷ നടത്തുന്ന രീതി അനുവർത്തിച്ചുവരുന്നു. ഉദ്യോഗാർഥികൾക്ക് ഒറ്റത്തവണ സർട്ടിഫിക്കറ്റ് പരിശോധന നടപ്പിലാക്കിയതിലൂടെ സമയബന്ധിതമായി റാങ്ക് പട്ടികകൾ പ്രസിദ്ധീകരിക്കാനും സാധിക്കുന്നു. കുറ്റമറ്റ രീതിയിൽ സാധ്യതാപട്ടിക, ചുരുക്കപട്ടിക, റാങ്ക് പട്ടിക എന്നിവ |

| | | | |
|---|---|---|---|
| | | | സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് തയ്യാറാക്കി വരുന്നത്. റൊട്ടേഷൻ സോഫ്റ്റ് വെയർ മുഖേന നിയമന ശിപാർശ നടപടികൾ വേഗത്തിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Uniformed Forces ലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിനായി വാർഷിക സെലക്ഷൻ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | 2011 മുതൽ 2016 മെയ് മാസം വരെ പി.എസ്.സി. മുഖാന്തിരം നിയമനം നടത്താൻ കഴിയുന്ന എത്ര വീതം തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്; എത്രപേർക്ക് നിയമന ഉത്തരവ് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട് എന്നറിയിക്കാമോ; | (ബി) | 2011 മെയ് മുതൽ 2016 മെയ് മാസം വരെ ആകെ 1,54,386 (ഒരു ലക്ഷത്തി അമ്പത്തിനാലായിരത്തി മുന്നൂറ്റി എൺപത്തിയാറ്) ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിരുന്നു. ഇക്കാലയളവിൽ 27,000 ത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചു. |
| (സി) | 2016 മെയ് മുതൽ നാളിവരെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര നിയമനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | 2016 മെയ് മുതൽ 2023 ജൂൺ വരെ ആകെ 2,15,687 (രണ്ട് ലക്ഷത്തി പതിനയ്യായിരത്തി അറുന്നൂറ്റി എൺപത്തിയേഴ്) ഉദ്യോഗാർഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. 30,000ത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ